# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2317 — 18/12/2012-ൽ മറുപടിയ്ക്ക്

### 'ധനമന്ത്രി കൺമുമ്പിൽ' പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | ശ്രീ. കെ.എം.മാണി<br>ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) 'ധനമന്ത്രി കൺമുമ്പിൽ' എന്ന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വ്യക്തമാക്കുമോ; | എ) പൊതുജനങ്ങൾക്ക് ധനകാര്യമന്ത്രിയുടെ ഔദ്യോഗിക വെബ്സൈറ്റിലൂടെ പരാതി സമർപ്പിക്കുന്നതിനു പുറമേ, ധനകാര്യ മന്ത്രിയുമായി നേരിട്ട് ആശയവിനിമയം നടത്തുന്നതിനുവേണ്ടി ആവിഷ്കരിച്ചതാണ് ഈ പദ്ധതി. ഈ സംവിധാനത്തിലൂടെ പൊതുജനങ്ങളുടെ പ്രശ്നങ്ങൾക്ക് അതിവേഗം പരിഹാരം ലഭ്യമാകുന്നതാണ്. |
| ബി) പൊതുജനങ്ങൾക്ക് ധനമന്ത്രിയുമായി വീഡിയോ കോൺഫറൻസ് നടത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ; | ബി) ധനമന്ത്രിയുമായി നേരിട്ട് ആശയവിനിമയം നടത്തുവാൻ താൽപര്യമുള്ളവർക്ക് ഇക്കാര്യം പരാതിയോടൊപ്പം ആവശ്യപ്പെട്ടാൽ വീഡിയോ കോൺഫറൻസിൽ പങ്കെടുക്കുന്നതിനാവശ്യമായ പാസ്‌വേർഡ് നൽകുന്നതാണ്. എല്ലാ രണ്ടാമത്തെ ബുധനാഴ്ച വൈകുന്നേരം 4.00 മണിയ്ക്ക് പൊതുജനങ്ങൾക്കും, രണ്ടാമത്തെ വ്യാഴാഴ്ച വൈകുന്നേരം 4.00 മണിയ്ക്ക് വ്യാപാരി സംഘടനാപ്രതിനിധികൾക്കും ധനമന്ത്രിയുമായി നേരിട്ട് സംവദിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| | | | കുടാതെ പൊതുജനങ്ങൾക്ക് ധനമന്ത്രിയുടെ വെബ്സൈറ്റിൽ ഗസ്റ്റായി പ്രവേശിച്ച് തൽസമയം വീക്ഷിക്കാവുന്നതാണ്. ഇന്റർനെറ്റ് കണക്ഷനോടുകൂടിയ കമ്പ്യൂട്ടറും വെബ് ക്യാമറയും ഉള്ള ആർക്കും ഈ വീഡിയോ കോൺഫറൻസിൽ പങ്കെടുക്കാവുന്നതാണ്. |
| (സി) | സംസ്ഥാനത്തിന്റെ വിഭവ സമാഹരണത്തിൽ ഈ സംവിധാനത്തിന് വഹിക്കുവാൻ കഴിയുന്ന പങ്ക് വ്യക്തമാക്കുമോ; | (സി) | ഈ സംവിധാനത്തിലൂടെ വിഭവ സമാഹരണമല്ല വിവക്ഷിക്കുന്നത്. എന്നാൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിനും വ്യാപാരികൾ, വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയ്ക്ക് ക്രിയാത്മകമായ ആശയങ്ങൾ നൽകാൻ അവസരമുള്ളതുകൊണ്ട് അത് പഠിച്ച് യുക്തമായ തീരുമാനമെടുക്കാനും ആയത് സർക്കാരിന്റെ ബഡ്ജറ്റ് നിർമ്മാണ വേളയിൽ ഉൾപ്പെടുത്താനും കഴിയും. |
| (ഡി) | പ്രസ്തുത സംവിധാനം വഴി ലഭിക്കുന്ന പരാതികൾ പരിഹരിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഭരണതലത്തിൽ ഒരുക്കിയിട്ടുള്ളത് ? | (ഡി) | വീഡിയോ കോൺഫറൻസിനു ധനമന്ത്രിയോടൊപ്പം നികുതി സെക്രട്ടറിയും, വാണിജ്യ നികുതി കമ്മീഷണറും പങ്കെടുക്കുന്നു. കൂടാതെ എല്ലാ രണ്ടാമത്തെ വ്യാഴാഴ്ചയും ജില്ലാതല ഡെപ്യൂട്ടി കമ്മീഷണർമാരുമായി പ്രവർത്തന അവലോകനം ചെയ്തുവരുന്നു. തന്മൂലം പ്രശ്നങ്ങൾ നേരിട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തുവാനും പരിഹാരം കാണുന്നതിനും സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ